**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1509** **04-07-2022 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി റവന്യൂ ടവർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച റവന്യൂ ടവറുകൾ ഏതൊക്കെയെന്നും അതിനായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും വ്യക്തമാക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച റവന്യൂ ടവറുകൾ<br>1. കടകംപള്ളി റവന്യൂ ടവർ<br>2. നെടുമങ്ങാട് റവന്യൂ ടവർ<br>3. കൊല്ലം റവന്യൂ ടവർ<br>4. പന്തളം റവന്യൂ ടവർ<br>5. കൊട്ടാരക്കര റവന്യൂ ടവർ (രണ്ടാം ഘട്ടം)<br>6. തിരുവല്ല റവന്യൂ ടവർ<br>7. ചങ്ങനാശ്ശേരി റവന്യൂ ടവർ<br>8. തൊടുപുഴ റവന്യൂ ടവർ<br>9. പീരുമേട് റവന്യൂ ടവർ<br>10. എറണാകുളം റവന്യൂ ടവർ<br>11. കോതമംഗലം റവന്യൂ ടവർ<br>12. സുൽത്താൻബത്തേരി റവന്യൂ ടവർ<br>13. ചാലക്കുടി റവന്യൂ ടവർ<br>14. മട്ടന്നൂർറവന്യൂ ടവർ<br>15. ആർ.ഡി.ഒ. കോംപ്ലക്സ് , ആലപ്പുഴ<br>16. മുളന്തുരുത്തി റവന്യൂ ടവർ<br>17. വിദ്യാഭ്യാസ കോംപ്ലക്സ്, പുനലൂർ |

| | | | |
|---|---|---|---|
| | | | മറുപടി പ്രസംഗത്തിൽ അനുവദിച്ച റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷനുകൾ<br>1. അടിമാലി റവന്യൂ ടവർ<br>2. പട്ടാമ്പി റവന്യൂ ടവർ<br>3. നിലമ്പൂർ റവന്യൂ ടവർ<br>4. വടകര റവന്യൂ ടവർ<br>5. ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ<br>6. മതിലകം മിനി സിവിൽ സ്റ്റേഷൻ<br>7. പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ<br>8. വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ<br>2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ 17 റവന്യൂ ടവറുകൾക്കായി വകയിരുത്തിയ 250 കോടി രൂപയും 2016-17 മറുപടി പ്രസംഗത്തിൽ 8 റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷനുകൾക്കായി 10 കോടി രൂപ വീതം വകയിരുത്തിയ 80 കോടി രൂപയും ഉൾപ്പെടെ ആകെ 330 കോടി രൂപയുടെ പദ്ധതി അടങ്കലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര റവന്യൂ ടവറുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | കടകംപള്ളി റവന്യൂ ടവർ, വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | നിർമ്മാണം ആരംഭിച്ച/പുരോഗമിക്കുന്ന റവന്യൂ ടവറുകളുടെ വിശദാംശങ്ങൾ നൽകുമോ; | (സി) | മട്ടന്നൂർ റവന്യൂ ടവറിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| (ഡി) | റവന്യൂ ടവറുകളുടെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണെന്ന് അറിയിക്കുമോ; | (ഡി) | 2016-2017 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകളുടെ/ മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് കണ്ടെത്തി ഭവന നിർമ്മാണ ബോർഡിന് കൈമാറിയ സ്ഥലം സംബന്ധിച്ച് എന്തെങ്കിലും അവ്യക്തതയുണ്ടോ;<br>വിശദീകരിക്കുമോ; | (ഇ) | ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് കണ്ടെത്തി ഭവന നിർമ്മാണ ബോർഡിന് കൈമാറിയസ്ഥലം സംബന്ധിച്ച അവ്യക്തത ഇല്ല. പ്രസ്തുത ഭൂമിയിൽ ടോട്ടൽ സ്റ്റേഷൻ സർവ്വെ നടത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ആർക്കിടെക്ചർ, |

| | | | |
|---|---|---|---|
| | | | സ്ട്രച്ചർ ഡിസൈൻ ഡ്രോയിങ് എന്നിവ പൂർത്തിയാക്കി പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി ഭവന നിർമ്മാണ ബോർഡ് സ്വീകരിച്ചു വരുന്നു. |
| (എഫ്) | ആയത് പരിശോധിച്ച് റവന്യൂ ടവർ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് കണ്ടെത്തി ഭവന നിർമ്മാണ ബോർഡിന് കൈമാറിയസ്ഥലം സംബന്ധിച്ചു അവ്യക്തത ഇല്ല. പ്രസ്തുത ഭൂമിയിൽ ടോട്ടൽ സ്റ്റേഷൻ സർവ്വെ നടത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ആർക്കിടെക്ചർ, സ്ട്രച്ചർ ഡിസൈൻ ഡ്രോയിങ് എന്നിവ പൂർത്തിയാക്കി പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി ഭവന നിർമ്മാണ ബോർഡ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ